*⇨ ചരിത്രത്തെ ആവിഷ്ക്കരിക്കുമ്പോൾ കാണിച്ച ധീരതയെ അംഗീകരിച്ചേ തീരൂ ⇨*

# സവർണ്ണമാടമ്പിമാരും സംഘടനാ മാടമ്പിമാരും

മലയാളത്തിലെ ആദ്യ ചലച്ചിത്രകാരൻ ഡാനിയേലിനെ തീപ്പന്തവും മുളവടികളുമായാണ് ജാതിമേധാവിത്തം നേരിട്ടതെങ്കിൽ ഡാനിയേലിനെക്കുറിച്ച് സിനിമയെടുത്ത കമലിനെ വിലക്കും നിരോധനവും നിസ്സഹകരണവും കൊണ്ട് സംഘടനാമേധാവികൾ നേരിടുന്നതിന്റെ അപഹാസ്യതകൾ വിവരിക്കുന്നു

**എസ്. നാരായണൻ**

**കുറെ** വർഷങ്ങൾക്കു മുമ്പാണ്. ഏതോ തർക്കത്തെ തുടർന്ന് തിയ്യറ്ററുകൾക്ക് സിനിമ കൊടുക്കുന്നത് വിതരണക്കാർ നിർത്തിവെച്ചു. അതിനെ മറികടക്കാൻ തിയ്യറ്ററുകാർ സ്വന്തം നിലക്ക് പഴയ ക്ലാസിക് സിനിമകൾ കൊണ്ടുവന്ന് പ്രദർശിപ്പിച്ചു. പത്ത് ദിവസം ആയപ്പോഴേക്കും തർക്കം തീർന്നതിനെ തുടർന്ന് വിതരണക്കാർ സിനിമ കൊടുത്തുതുടങ്ങി. പ്രേക്ഷകരെ സംബന്ധിച്ചിടത്തോളം ആ പത്തുദിവസം ഒരനുഗ്രഹമായിരുന്നു. ഫിലിം ഫെസ്റ്റിവലിനു പോയാൽ പോലും കാണാൻ സാധിക്കാത്തത്ര നല്ല സിനിമകൾ ആ ദിവസങ്ങളിൽ കാണാൻ സാധിച്ചു. കേരളത്തിൽ ആദ്യമായി ചലച്ചിത്ര പ്രദർശനം നടന്ന, തൃശ്ശൂരിലെ ജോസ് തിയ്യറ്ററിൽ ചാർളിചാപ്ലിന്റെ മികച്ച സിനിമകൾ മുഴുവനും ആ സമരകാലത്ത് കാണിക്കുകയുണ്ടായി. മറ്റൊരു തിയ്യറ്ററിൽ 'ബെൻഹർ' എന്ന സിനിമ വീണ്ടും വീണ്ടും കാണാൻ അവസരമുണ്ടായി.

കമലിന്റെ 'സെല്ലുലോയിഡ്' കണ്ടപ്പോഴാണ്, വിതരണക്കാർ ഉണ്ടാക്കിയ പ്രശ്നങ്ങൾ മൂലം നല്ല സിനിമകൾ കാണാൻ കഴിഞ്ഞ ആ പത്തു ദിവസങ്ങൾ ഓർത്തുപോയത്. വിതരണക്കാരുടെ വിലക്കിന്റെ നിഴലിലായിരുന്നല്ലോ കമൽ 'സെല്ലുലോയിഡ്' എടുത്തത്. വിലക്കിന്റെ നിഴലിൽ നിർമ്മിച്ചതുകൊണ്ടായിരിക്കാം കമൽ കഴിഞ്ഞ കാലങ്ങളിൽ ചെയ്ത മോശം പടങ്ങളിൽ നിന്നും 'സെല്ലുലോയിഡ്' വളരെ ഉയർന്നുനിൽക്കുന്നത്. സംഘടനാ വൈതാളികൻമാർ അവഗണിച്ചാലും കലാസൃഷ്ടി എന്ന നിലയിൽ ഒറ്റയ്ക്കുനിൽക്കാൻ ത്രാണിയുള്ളതായിരിക്കണം തന്റെ പുതിയ സിനിമ എന്ന് അദ്ദേഹത്തിന് വാശിയുണ്ടായിരുന്നപോലെ തോന്നുന്നു.

സിനിമ എന്ന നിലയിലുള്ള ഔന്നത്യം മാത്രമല്ല, ചരിത്രത്തെ ആവിഷ്ക്കരിക്കുമ്പോൾ കാണിച്ച ധീരതയെകൂടി അംഗീകരിച്ചേ തീരൂ. ഒരു പുതിയ കലാരൂപത്തെ മലയാളിക്ക് പരിചയപ്പെടുത്താൻ പുറപ്പെട്ട ജെ.സി. ഡാനിയേൽ എന്ന കലാകാരനെ ഇവിടത്തെ ജാതിക്കോമരങ്ങൾ, ആ കലാസൃഷ്ടിയേയും അയാളുടെ ജീവിതത്തെ തന്നെയും എങ്ങിനെ കശക്കിയെറിഞ്ഞു എന്നതാണ് ഇതിന്റെ പ്രമേയം. നായികാ കഥാപാത്രത്തെ അവതരിപ്പിച്ച സ്ത്രീ, പുലയസമുദാ

⇨ *സ്വന്തം തെങ്ങിൻതോട്ടം വിറ്റുകിട്ടിയ പണംകൊണ്ട് ജെ.സി.ഡാനിയേൽ 'വിഗതകുമാരൻ' എടുക്കുന്നത്* ⇨



യാംഗമായിരുന്നു എന്ന ഒറ്റക്കാരണം കൊണ്ടാണ് ഇതെല്ലാം സംഭവിക്കുന്നത്. തങ്ങളുടെ മുന്നിലുള്ള സ്ക്രീനിൽ, നിഴൽരൂപമായി പോലും, ഒരു അവർണ്ണശരീരത്തെ അവതരിപ്പിക്കാൻ അനുവദിക്കാത്ത തരത്തിൽ ധാർഷ്ട്യം നിറഞ്ഞതായിരുന്നു അന്നത്തെ ജാതിമേധാവിത്തം എന്നത് ഇതിനേക്കാൾ നന്നായി ബോധിപ്പിക്കാനാകില്ല.

കമലിനു വേണമെങ്കിൽ ഡാനിയേലിനെ വിധിയുടെ വേട്ടമൃഗമായോ നിർഭാഗ്യവാനായ കലാകാരനായോ അവതരിപ്പിക്കാമായിരുന്നു. ഒന്നിനേയും ചോദ്യം ചെയ്യാതെ ആർക്കും പരിക്കേല്പിക്കാതെ തൊട്ടുതലോടുന്നതാണല്ലോ ഇവിടത്തെ സിനിമകളുടെ രീതി. നമ്മുടെ സമൂഹജീവിതത്തെ എന്നപോലെ നമ്മുടെ ആദ്യസിനിമയേയും ജാതിമേധാവിത്തത്തിന്റെ ദുർഭൂതമാണ് തച്ചുതകർത്തത് എന്ന് ഇതിൽ കൃത്യമായും അടയാളപ്പെടുത്തുന്നു. ഈ പാരമ്പര്യം കൊണ്ടായിരിക്കണം, ബ്രാഹ്മണനെ സംഘടിപ്പിച്ച്, ദേശത്ത് മുടങ്ങികിടക്കുന്ന ഉത്സവം നടത്തുന്നതാണ് ജീവിതസായൂജ്യം എന്ന് പ്രഖ്യാപിക്കുന്ന സിനിമകൾ കാണുമ്പോൾ നാം കയ്യടിച്ച് സ്വീകരിക്കുന്നത്. യാഗത്തിനെതിരെ പ്രകടനം നടത്തുന്ന യുക്തിവാദി നേതാവായ മകൻ, അച്ഛൻ നടത്തുന്ന യാഗം കൊണ്ടുണ്ടായ മഴയിൽ നനഞ്ഞുകുതിരുമ്പോഴും, തുടർന്ന് അടുത്ത യാഗത്തിന്റെ യജമാനൻ മകനാകുന്നത് കാണുമ്പോഴും നമുക്ക് സന്തോഷം തന്നെ. അനേകം സിനിമകൾക്ക് തിരക്കഥയെഴുതിയ പുലയസമുദായാംഗമായ തിരക്കഥാകൃത്ത്, യോഗ്യനായ ഒരു കഥാപാത്രത്തെ അവതരിപ്പിക്കേണ്ടിവരുമ്പോൾ അയാൾക്ക് ഹരികുമാര മേനോൻ എന്ന് പേരിടുന്നതിനും സോപാനത്തിൽ കൊട്ടുന്ന ഇടയ്ക്ക എന്ന വാദ്യത്തിന്റെ ശബ്ദമില്ലാതെ ഒരു സിനിമപോലും ചിന്തിക്കാൻ കഴിയാത്തതിനും കാരണം വേറെയാകില്ല.

സ്വയം പഠിക്കുകയും ബോംബെയിലും മദ്രാസിലും പോയി സിനിമയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുകയും ചെയ്തിട്ടാണ്, സ്വന്തം തെങ്ങിൻതോട്ടം വിറ്റുകിട്ടിയ പണംകൊണ്ട് ജെ.സി.ഡാനിയേൽ 'വിഗതകുമാരൻ' എടുക്കുന്നത്. അതിന്റെ ആദ്യപ്രദർശനം തന്നെ അലങ്കോലപ്പെട്ടു. നായികയുടെ കുടിലിനു തീയിടുകയും അവരെ നാട്ടിൽ നിന്നുതന്നെ അടിച്ചോടിക്കുകയും ചെയ്തു. കടം കയറി നിൽക്കക്കള്ളിയില്ലാതായ ഡാനിയേൽ, താമസിക്കുന്ന പുരയിടവും കൂടി വിറ്റ് തമിഴ്നാട്ടിലേക്ക് വണ്ടി കയറി. അവിടത്തെ യാതന നിറഞ്ഞ ജീവിതം അവിടെ വെച്ചുതന്നെ അവസാനിക്കുകയും ചെയ്തു.

സൂര്യനെല്ലി പീഡനകേസ് വീണ്ടും ചർച്ചയിൽ നിറഞ്ഞുനിൽക്കുന്ന ഈ കാലത്ത് ഇത്തരം ഒരു സിനിമയുടെ സാന്നിദ്ധ്യം അവസരോചിതമായി. സൂര്യനെല്ലി

യിലെ ഇരയായ പെൺകുട്ടി പതിനേഴുകൊല്ലമായി തന്നെ പീഡിപ്പിച്ച ഒരു പ്രമുഖന്റെ പേര് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നു. കേസന്വേഷണസംഘത്തിന്റെ മേധാവിയായിരുന്ന സിബിമാത്യു എന്ന സർവ്വസമ്മതനായ പോലീസ് ഓഫീസർ പ്രമുഖനെ ഒഴിവാക്കുന്ന തരത്തിലുള്ള മൊഴികളാണ് രേഖപ്പെടുത്തിയതെന്നും, അതുകൊണ്ടാണ് അയാൾ വിചാരണപോലും ചെയ്യപ്പെടാതെ രക്ഷപ്പെട്ടതെന്നും, അന്വേഷണസംഘത്തിലെ രണ്ടാമൻ വെളിപ്പെടുത്തുന്നു. സുപ്രീംകോടതി, ഈ കേസിലെ വിധി ഞെട്ടിച്ചുവെന്നും പറഞ്ഞ് വീണ്ടും തീർപ്പുകല്പിക്കുന്നതിനായി ഹൈക്കോടതിയിലേക്ക് അയച്ചിരുന്നു. ശിക്ഷിക്കപ്പെട്ട ഏകപ്രതിയായ ധർമ്മരാജൻ പ്രമുഖൻ

അനേകം സിനിമകൾക്ക് തിരക്കഥയെഴുതിയ പുലയസമുദായാംഗമായ തിരക്കഥാകൃത്ത്, യോഗ്യനായ ഒരു കഥാപാത്രത്തെ അവതരിപ്പിക്കേണ്ടി വരുമ്പോൾ അയാൾക്ക് ഹരികുമാര മേനോൻ എന്ന് പേരിടുന്നതിനും സോപാനത്തിൽ കൊട്ടുന്ന ഇടയ്ക്ക എന്ന വാദ്യത്തിന്റെ ശബ്ദമല്ലാതെ ഒരു സിനിമപോലും ചിന്തിക്കാൻ കഴിയാത്തതിനും കാരണം വേറെയാകില്ല

കുട്ടിയെ പീഡിപ്പിച്ചിട്ടുണ്ടെന്നും തന്റെ കാറിലാണ് അയാളെ കൊണ്ടുപോയതെന്നും ഏറ്റുപറഞ്ഞിരിക്കുന്നു. സംഭവം നടന്ന കുമളി റെസ്റ്റ് ഹൗസിൽ ഇയാളെ ആ ദിവസം കണ്ടെന്നും പറഞ്ഞ് അഞ്ചോ ആറോ പേർ രംഗത്തുവന്നിരിക്കുന്നു. പക്ഷേ ഇതൊന്നും ആരും മുഖവിലക്കെടുക്കുന്നില്ല. ഈ വെളിപ്പെടുത്തലുകളുടെ വെളിച്ചത്തിൽ പ്രമുഖനെതിരെ കേസെടുക്കണമെന്നും പറഞ്ഞ് പരാതികൊടുക്കാൻ പെൺകുട്ടി പോലീസ് സ്റ്റേഷനുകൾ തോറും കയറിയിറങ്ങുകയാണ്. ഒരു പോലീസ് സ്റ്റേഷനിൽ നിന്ന് എസ്.ഐ. സ്ഥലത്തില്ലെന്നുപറഞ്ഞ് ഇറക്കിവിടുന്നു. അടുത്ത സ്റ്റേഷനിൽ ചെന്നപ്പോൾ കേസെടുക്കാൻ നിയമം അനുവദിക്കുന്നില്ലെന്ന് ജില്ലാ പോലീസ് സൂപ്രണ്ട് തന്നെ പറഞ്ഞ് മടക്കി അയയ്ക്കുന്നു. കുട്ടിക്ക് പരാതി പോലും കൊടുക്കാനാകുന്നില്ല. ഗതികെട്ട പെൺകുട്ടി പരാതി രജിസ്ട്രർ ചെയ്ത് തപാലിൽ അയച്ചിരിക്കുകയാണ്.

അങ്ങിനെയാകുമ്പോൾ അക്നോളഡ്ജ്മെന്റ് കാർഡ് എങ്കിലും കിട്ടുമല്ലോ. 'പീഡനം നടന്നു എന്നുപറയുന്ന സമയത്ത് കരയോഗത്തിലിരുന്ന് ഞങ്ങൾ സംസാരിക്കുകയായിരുന്നു' എന്ന, കേരളത്തിന്റെ താക്കോൽ സ്ഥാനത്ത് ആരെ ഇരുത്തണം എന്ന് തീരുമാനിക്കുന്ന ജാതി മാടമ്പിയുടെ സാക്ഷിമൊഴിയുടെ മാത്രം ഇടപെടലിനെ തുടർന്നാണ് പീഡനത്തിനിരയായ പെൺകുട്ടി പതിനേഴു കൊല്ലമായി നീതിക്കുവേണ്ടി അലയുന്നത് നൂറുകൊല്ലം മുൻപത്തെ പോലെ തന്നെ, താക്കോൽ സ്ഥാനത്ത് ആരെ ഇരുത്തണമെന്നും ഇരുത്തേണ്ടെന്നും ജാതിമേധാവികൾ തന്നെ തീരുമാനിക്കുന്നു. അത് കലയിലായാലും സാമൂഹ്യജീവിതത്തിലായാലും രാഷ്ട്രീയത്തിലായാലും.

കേരളത്തിലെ ആദ്യചിത്രം എടുക്കുമ്പോൾ ജെ.സി.ഡാനിയേൽ അനുഭവിച്ച അങ്കലാപ്പ് തന്നെ അദ്ദേഹത്തിന്റെ ജീവിതത്തെ അവലംബിച്ച് 'സെല്ലുലോയിഡ്' എടുക്കുമ്പോൾ കമലും അനുഭവിച്ചിട്ടുണ്ടാകണം. 2011 ലെ സമരകാലത്ത്, വിതരണക്കാരുടെ സംഘടനയായ ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷന്റെ നിർദ്ദേശം മറികടന്ന് 'സ്വപ്നസഞ്ചാരി' എന്ന സിനിമ കമൽ തിയ്യറ്ററിൽ കളിച്ചിരുന്നു. ഇത് ധിക്കാരമാണെന്നും പറഞ്ഞ്, ഇതിമുതൽ കമലിന്റെ സിനിമകളൊന്നും വിതരണത്തിനെടുക്കില്ലെന്ന് ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ തീരുമാനിച്ചിരുന്നു . ആ വിലക്ക് നിലനിൽക്കുമ്പോഴാണ് കമൽ 'സെല്ലുലോയിഡ്' എടുക്കുന്നത്. ചിത്രം പൂർത്തിയായതിനെ തുടർന്ന് റിലീസിംഗിന് സഹായമഭ്യർത്ഥിച്ച് കമൽ അടക്കമുള്ളവർ നൽകിയ കത്ത് ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷന്റെ നിർവ്വാഹകസമിതി യോഗം നിഷ്ക്കരുണം തള്ളിക്കളയുകയാണ് ഉണ്ടായത്. എന്തൊക്കെയായാലും നീണ്ട ചർച്ചകൾക്കൊടുവിൽ ചിത്രം റിലീസ് ചെയ്യാൻ സംഘടനാമാടമ്പികൾ അവസാനം സമ്മതിച്ചു. താരസംഘടനയുടെ തീട്ടൂരം അനുസരിക്കാത്തതുകൊണ്ട് നടൻ തിലകന് വാർദ്ധക്യത്തിന്റെ അവശതകൾക്കിടയിലും നാടകത്തിലേക്ക് തിരിച്ചുപോകേണ്ടിവന്നത് മറക്കാറായിട്ടില്ല. ആ അനുഗൃഹീത നടൻ അങ്ങേയറ്റത്തെ അവഹേളനം സഹിച്ചാണ് ജീവൻ വെടിഞ്ഞത്. ജാതിമേധാവിത്തം ഡാനിയേലിനെ നേരിട്ടത് തീപ്പന്തവും മുളവടികളുമായിട്ടാണെങ്കിൽ സംഘടനാമേധാ

വികളുടെ കൈയ്യിലുള്ളത് വിലക്കും നിരോധനവും നിസ്സഹകരണവും ആണെന്ന വ്യത്യാസമേയുള്ളൂ.

"അവരുമായി ചർച്ച ചെയ്തത് ചിത്രം റിലീസു ചെയ്യാൻ തീരുമാനിച്ചു. ഇവർക്കും ഇതിൽ താല്പര്യമുണ്ടല്ലോ. മലയാളസിനിമയുടെ ചരിത്രമാണ് ഈ സിനിമ. ഇവരും മലയാളസിനിമയുടെ ഭാഗമാണല്ലോ. ഇവർക്കും അതൊക്കെ മനസ്സിലായിട്ടുണ്ട്." ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷന്റെ ഭാരവാഹികൾക്ക് നടുവിൽ നിന്ന് തർക്കം തീർന്നു എന്നറിയിച്ച് ടെലിവിഷൻ ക്യാമറകൾക്കുമുന്നിൽ നിന്നുകൊണ്ട് വളരെ വിനയത്തോടെ കമൽ പറഞ്ഞത് മറക്കാനാകുന്നില്ല. ഇത്തരം ഒരു സിനിമയുടെ ചരിത്രപ്രാധാന്യം അവരെ ബോദ്ധ്യപ്പെടുത്താൻ, ചക്കളത്തി പോരാട്ടത്തിൽപ്പെട്ട് ഇത് പെട്ടിയിലിരിക്കാതിരിക്കാൻ കമൽ ഏറെ പണിപ്പെട്ടുകാണും. ഒരുപക്ഷേ, സിനിമ എടുത്തതിനേക്കാൾ ഇഷ്ടമില്ലാത്തതിന് നിന്നുകൊടുക്കേണ്ടിവയന്നയാളുടെ അവസ്ഥ അതിലുണ്ടായിരുന്നോ? അല്ലെങ്കിൽ ഡാനിയേലിന്റെ ദുരന്തം തന്നെ ഈ ചിത്രത്തിന്റെ നിർമ്മാതാവുകൂടിയായ ഇദ്ദേഹത്തിനും സംഭവിക്കുമായിരുന്നോ? അറിയില്ല. വരാൻ പോകുന്ന ഏതെങ്കിലും ഒരു ചേലങ്ങോടനോട് എന്നെങ്കിലും കമൽ മനസ്സുതുറക്കുമായിരിക്കാം. അതിലൂടെ ഒരു 'സെല്ലുലോയിഡി'നുകൂടി സാദ്ധ്യത തുറക്കുമായിരിക്കാം.

**വാൽക്കഷ്ണം:**

'സെല്ലുലോയിഡി'ന് വിലക്ക് ഏർപ്പെടുത്താൻ തീരുമാനിച്ചപ്പോൾ അതിനെ എതിർക്കുകയും 'സെല്ലുലോയിഡ്' റിലീസ് ചെയ്യുമെന്ന് പ്രഖ്യാപിക്കുകയും ചെയ്ത എക്സിബിറ്റേഴ്സ് അസോസിയേഷൻ പ്രസിഡണ്ടിനോട് വിശദീകരണം തേടാൻ ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ തീരുമാനമെടുത്തു. *പശു ചത്താലും മോരിലെ പുളി തീരില്ല.* ■

## ഡോ. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു

പശ്ചിമഘട്ട നിരകളുടെ സംരക്ഷണത്തിന് മാധവ് ഗാഡ്ഗിൽ കമ്മിറ്റി മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ മിക്കതും ഒഴിവാക്കിക്കൊണ്ട് കസ്തൂരിരംഗൻ സമിതി റിപ്പോർട്ട് സമർപ്പിച്ചു. പ്രൊഫ. മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി പശ്ചിമഘട്ട സംരക്ഷണത്തിനായി സമർപ്പിച്ച റിപ്പോർട്ടിനെതിരെ എതിർപ്പുകൾ പലഭാഗത്ത് നിന്നും വന്ന സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ ഡോ. കസ്തൂരിരംഗനെ ഗാഡ്ഗിൽ റിപ്പോർട്ടിലെ അപാകങ്ങൾ പഠിക്കാനായി നിയോഗിച്ചത്. പശ്ചിമഘട്ടത്തെ സോണുകളായി തിരിച്ച് സംരക്ഷണ മാർഗ്ഗങ്ങൾ നിർദ്ദേശിച്ച ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ശുപാർശ കസ്തൂരി രംഗൻ കമ്മിറ്റി തള്ളിക്കളഞ്ഞു. കസ്തൂരിരംഗൻ കമ്മിറ്റി പശ്ചിമഘട്ട മേഖലയെ സ്വാഭാവിക ഭൂമിയെന്നും കാർഷിക ഭൂമിയെന്നും രണ്ടായി തിരിച്ചു. പശ്ചിമഘട്ടത്തിലെ 37 ശതമാനം ഭൂപ്രദേശം പാരിസ്ഥിതിക ദുർബല മേഖലയായി കണക്കാക്കണമെന്ന് റിപ്പോർട്ട് പറയുന്നു. അതുപ്രകാരം കേരളത്തിൽ 123 ഗ്രാമങ്ങൾ പരിസ്ഥിതി ദുർബല പ്രദേശങ്ങളായി മാറും. ഗാഡ്ഗിൽ കമ്മിറ്റി മുന്നോട്ട് വച്ച രാസവളങ്ങളുടെയും കീടനാശിനികളുടെയും ജനിതകമാറ്റം വരുത്തിയ വിത്തുകളുടെയും നിരോധനം കസ്തൂരിരംഗൻ റിപ്പോർട്ട് എടുത്തുകളഞ്ഞു. ജൈവകൃഷിക്ക് പ്രോത്സാഹനവും ആനുകൂല്യവും നൽകുമെന്ന് പറയുന്നുണ്ട്. ചുവപ്പ് കാറ്റഗറി വ്യവസായങ്ങൾക്ക് പൂർണ്ണ നിയന്ത്രണമുണ്ടാകും. നിലവിലെ സാഹചര്യത്തിൽ അതിരപ്പിള്ളി പദ്ധതി പ്രായോഗികമല്ലെന്ന് കമ്മിറ്റി വ്യക്തമാക്കി. എന്നാൽ പുതിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി സംസ്ഥാന സർക്കാരിന് ഇനിയും കേന്ദ്രത്തെ സമീപിക്കാമെന്നും പറയുന്നുണ്ട്. അതിനിടയിൽ, കസ്തൂരിരംഗൻ റിപ്പോർട്ട് നിക്ഷിപ്ത താത്പര്യങ്ങൾ സംരക്ഷിക്കുന്നതാണെന്ന് മാധവ് ഗാഡ്ഗിൽ കുറ്റപ്പെടുത്തി. ബിസിനസുകാർക്കും പ്രകൃതിയെ നശിപ്പിക്കുന്നവർക്കും വേണ്ടിയുള്ളതാണ് പുതിയ റിപ്പോർട്ട്. തന്റെ റിപ്പോർട്ടിൽ ചിലർക്ക് ഇഷ്ടപ്പെടാത്ത കാര്യങ്ങൾ ഒഴിവാക്കുകയും പൊതു ജനങ്ങൾക്കിടയിൽ തന്റെ റിപ്പോർട്ടിനെ ദുർവ്യാഖ്യാനിക്കപ്പെടുകയുമാണെന്നും ഗാഡ്ഗിൽ പ്രസ്താവന നടത്തിയിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഏത് റിപ്പോർട്ടാണ് സ്വീകരിക്കുന്നത് എന്നതിനെക്കുറിച്ച് മറുപടിയൊന്നും നൽകിയിട്ടില്ല.